ഉത്തരം

(എ) ഉണ്ട്. 1-1-2001 മുതൽ

(ബി) നിലവിലുള്ള ആശ്വാസ ധനസഹായങ്ങൾ തുടർന്ന് നൽകുന്നതാണ്.

(സി) വാർദ്ധക്യകാലപെൻഷൻ നിരക്കിൽ തന്നെയാണ് വിധവാ പെൻഷൻ നൽകുന്നത്. വാർദ്ധക്യകാല പെൻഷൻ 1-4-2000 മുതൽ 120 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വിധവാ പെൻഷൻ 120 രൂപയാണ്.

(ഡി) ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യ സമാശ്വാസപദ്ധതി 1-1-2001 മുതൽ നടപ്പാക്കാൻ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞു.

(ഇ) ഏകദേശം 5000-ത്തോളം പേർ വിധവാ പെൻഷന് അർഹതയുള്ളവരായി ഉണ്ടാകുമെന്ന് കണക്കാക്കുന്നു.

(എഫ്) വിധവാപെൻഷനുള്ള അപേക്ഷകൾ സ്വീകരിച്ച് പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടി ആരംഭിച്ചുകഴിഞ്ഞു.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മത്സ്യത്തൊഴിലാളി കുടുംബങ്ങൾ

96 (1658) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഉണ്ടായിരുന്നു ;

(ബി) മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിക്കുവാൻ ഈ ഗവൺമെന്റിന് എന്തെല്ലാം പദ്ധതികളുണ്ടായിരുന്നു ;

(സി) ഈ പദ്ധതികൾ നടപ്പാക്കിയതിന്റെ ഫലമായി എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തി ;

(ഡി) ഇപ്പോൾ എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുണ്ട് ?

ഉത്തരം

(എ) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ കണക്ക് ഭവന സന്ദർശനം നടത്തി ശേഖരിച്ച് കഴിഞ്ഞു. എന്നാൽ വിശദാംശം തയ്യാറായി വരുന്നതേയുള്ളൂ.

(ബി) 1. നാടൻ വള്ളങ്ങളുടെ യന്ത്രവൽക്കരണം.

2. എൻ.സി.ഡി.സി. ധനസഹായമുള്ള സംയോജിത മത്സ്യ വികസനപദ്ധതി.

3. മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ബാങ്ക് വായ്പാ പദ്ധതി.

4. മത്സ്യബന്ധന വലകൾക്ക് അനുയോജ്യമായ ഘടകങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായപദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

5. കടലിൽ ചെമ്മീൻ കുഞ്ഞുങ്ങളെ വിതയ്ക്കുന്ന പദ്ധതി.

6. സാമൂഹ്യ മത്സ്യകൃഷി പദ്ധതി.

7. വ്യത്യസ്ത തൊഴിലവസരങ്ങളും തൊഴിൽ പരിശീലനവും നൽകുന്നതിനുള്ള പദ്ധതി.

8. മത്സ്യവിപണന ബൂത്തുകൾക്കുള്ള ധനസഹായപദ്ധതി.

9. ദേശീയ പിന്നോക്ക വിഭാഗ വികസന ധനസഹായ കോർപ്പറേഷന്റെയും ദേശീയ ന്യൂനപക്ഷവികസന ധനസഹായ കോർപ്പറേഷന്റെയും ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ.

(സി&ഡി) കണക്ക് തയ്യാറാക്കി വരുന്നതേയുള്ളൂ.

ഫിഷ്ഫാമിന്റെ പ്രവർത്തനം

97 (1659) ശ്രീ. യു. എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാള നിയോജകമണ്ഡലത്തിലെ ഫിഷറീസിന്റെ നിയന്ത്രണത്തിലുള്ള പൊയ്കയിലെ ഫിഷ്ഫാം പൂർണ്ണമായി പ്രവർത്തിക്കുന്നില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഫിഷ് ഫാമിലെ തൊഴിലാളികൾക്ക് മാസത്തിൽ ആറ്, ഏഴ് ദിവസം മാത്രമാണ് തൊഴിൽ ലഭിക്കുന്നത് എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത സ്ഥാപനത്തിൽ പണി എടുക്കുന്ന തൊഴിലാളികൾക്ക് പൂർണ്ണമായി തൊഴിൽ കൊടുക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ ;

(ഡി) തൊഴിലാളികൾക്ക് പൂർണ്ണമായി ജോലി കൊടുക്കുന്നതിനുള്ള നടപടിയെന്ന നിലയിൽ ചെമ്മീനും മത്സ്യവും എല്ലാ സീസണിലും കൃഷിചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി&ഡി) കേരളത്തിൽ വ്യാപകമായി പടർന്നുപിടിച്ച വൈറ്റ് സ്പോട്ട് രോഗം പൊയ്ക ഫാമിലെ ചെമ്മീൻകൃഷിയെയും ബാധിക്കുകയുണ്ടായി. ഇതിനെത്തുടർന്ന് ഫാമിലെ മുഴുവൻ കുളങ്ങളും മത്സ്യകൃഷി നടത്താത്തതിനാൽ തൊഴിലാളികൾക്ക് മുഴുവൻ ദിവസവും ജോലി നൽകുവാൻ നിർവ്വാഹമില്ലാത്ത സാഹചര്യം സംജാതമാവുകയാണുണ്ടായത്. വൈറസ് രോഗം നിയന്ത്രണാധീതമാകയാൽ പത്മാവധി കൃഷി നടത്തി പരമാവധി തൊഴിലവസരം എല്ലാവർക്കും നൽകുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly